പാഠം 1

# എന്റെ ഭാഷ

**മി**ണ്ടിത്തുടങ്ങാൻ ശ്രമിയ്ക്കുന്ന പിഞ്ചിളം–
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻതന്നേ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
ഏതൊരു വേദവുമേതൊരു ശാസ്ത്രവു–
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം
ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു–
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ.

**വള്ളത്തോൾ നാരായണമേനോൻ**
*(സാഹിത്യമഞ്ജരി)*



Scanned with CamScanner

## പഠനപ്രവർത്തനങ്ങൾ

**പുതിയ വാക്കുകൾ പഠിക്കാം.**

ധാത്രി, മർത്ത്യൻ, ദുഗ്ദ്ധം, ഹൃത്ത്, വക്ത്രം, ചിത്തം, ശീകരം

**പര്യായം എഴുതുക.**

അമ്മ, മനുഷ്യൻ, പാൽ

**വിപരീതപദം എഴുതുക.**

സ്വഭാഷ x

ബഹിർഭാഗം x

ശ്രമം x

പൂർണ്ണം x

**പൂരിപ്പിക്കുക.**

| | | |
|---|---|---|
| **മാതൃക:** | വേദവും | ശാസ്ത്രവും |
| | കായും | ........................ |
| | പാലും | ........................ |
| | കടലും | ........................ |

**വാക്യത്തിൽ പ്രയോഗിക്കുക.**

സമ്മേളനം, ഹൃത്തിൽപ്പതിയുക.

**ബഹുവചനം എഴുതുക.**

മാതാവ്, പിതാവ്, പൈതൽ, മനുഷ്യൻ, ധാത്രി

**പകരം പദം പാഠഭാഗത്തുനിന്ന് കണ്ടെത്തുക.**

സ്വന്തം അമ്മ, മനതാര്, മനസ്സിൽ പതിയുക

**ഉത്തരം കണ്ടെത്തി എഴുതുക.**

1. അമ്മയും സ്വന്തം ഭാഷയും തമ്മിലുള്ള ഐക്യം എങ്ങനെ എഴുതാം?
2. മാതൃഭാഷയുടെ പ്രാധാന്യമെന്ത്?

**താളത്തിൽ ചൊല്ലിനോക്കാം.**

"എത്ര സുന്ദരമെത്ര സുന്ദര–
മെന്റെ മലയാളം
മുത്തു പവിഴങ്ങൾ കൊരുത്തൊരു–
പൊന്നുനൂൽപോലെ!
മണ്ണിൽവീണു കുരുത്തു നെന്മണി–
വിത്തുമുളപൊട്ടി



Scanned with CamScanner